നാളികേര ബോർഡിന്റെ യോഗങ്ങൾ

217 (3504) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരബോർഡിന്റെ യോഗത്തിൽ കേരളത്തിന്റെ പ്രതിനിധി തുടർച്ചയായി പങ്കെടുക്കാതിരുന്നതുമൂലം സംസ്ഥാനത്തിന് അഞ്ഞൂറുകോടിയോളം രൂപയുടെ സഹായം ലഭിക്കാതായി എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) നാളികേര ബോർഡ്, തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകാറുള്ളതെന്നും 2005 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് ബോർഡിൽ നിന്നും ലഭിച്ച സഹായത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന പ്രതിനിധി പങ്കെടുക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാളികേര ബോർഡ്, തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങൾക്ക് നൽകുന്ന സഹായങ്ങൾ അനുബന്ധം 1-ൽ കാണാവുന്നതാണ്.*

2005 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് ബോർഡിൽ നിന്നും ലഭിച്ച സഹായത്തിന്റെ കണക്ക് അനുബന്ധം 2 -ൽ കാണാവുന്നതാണ്.*

(സി) ഇല്ല.

ജൈവപച്ചക്കറി കൃഷി വ്യാവസായികാടിസ്ഥാനത്തിൽ

218 (3505) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവപച്ചക്കറിക്കൃഷി വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ക്ലസ്റ്റർ അടിസ്ഥാനത്തിൽ വ്യാവസായികമായി പച്ചക്കറി കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി 1250 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമൊഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പ് 2014-15-ൽ നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വ്യവസായ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന 5 ഹെക്ടർ വിസ്തീർണ്ണം വരുന്ന കൃഷിയിടത്തിനെയാണ് ക്ലസ്റ്റർ എന്നുപറയുന്നത്. ഇത്തരത്തിലുള്ള കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് 75,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് (തുടർച്ചയില്ലാതെ കിടക്കുന്ന) വിസ്തീർണ്ണം അനുസരിച്ച് ഹെക്ടറിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 2900 ഹെക്ടർ കൃഷിക്കായി ആകെ 435 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. ക്ലസ്റ്ററുകളിൽ ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സഹായമായി നൽകുന്നു. 1720 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 172 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. ക്ലസ്റ്ററുകളിൽ സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് 1500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 1000 എണ്ണം വാങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. ക്ലസ്റ്ററുകളിൽ പ്രവർത്തനച്ചിലവിനായി 2000 രൂപ ഹരിത ഫണ്ട് നൽകുന്നു. 800 ക്ലസ്റ്ററുകൾക്കായി 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഇന്നവേഷൻ ഫണ്ട് എന്ന പേരിൽ ഓരേ ജില്ലയ്ക്കും 3 ലക്ഷം രൂപ നൽകിവരുന്നു. ഇതിനായി 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ സഹായധനം നൽകുന്നു. 500 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ "എ" ഗ്രേഡ് ആയി തെരഞ്ഞെടുക്കപ്പെട്ട 100 ക്ലസ്റ്ററുകൾക്ക് വികസന സഹായമായി 6.3 ലക്ഷം രൂപ വീതം നൽകുന്നു. ഇതിനായി 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. 2013-14 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 95 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് രണ്ടാം വർഷത്തെ വികസന സഹായമായി 2 ലക്ഷം രൂപ വീതം നൽകുന്നു. ഇതിനായി 190 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10 ഇതുകൂടാതെ ഗ്രേഡ് ചെയ്യപ്പെടാത്ത പ്രവർത്തനമികവുള്ള 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ വീതം സഹായമായി നൽകുന്നു. ഇതിനായി 900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ പച്ചക്കറി കൃഷിയെപ്പറ്റിയുള്ള ലഘുലേഖകൾ, കൈപുസ്തകങ്ങൾ എന്നിവയും പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. 2014-15-ലെ ഈ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മണ്ണ് സംരക്ഷണ പ്രവർത്തനം

219 (3506) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണ് സംരക്ഷണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പരിഷ്കരണ പ്രവൃത്തികൾ നടത്തുന്നതിന് കുറ്റ്യാടി മണ്ഡലത്തിലെ എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പാക്കുന്നതിനുള്ള പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly